# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

റവന്യൂ വകുപ്പ് നടപ്പാക്കുന്ന വിവിധ സാമൂഹ്യ സാമ്പത്തിക സഹായപദ്ധതികൾ

4454 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലൂടെ നടപ്പിലാക്കുന്നതോ വിതരണം ചെയ്യുന്നതോ ആയ വിവിധ സാമൂഹ്യ-സാമ്പത്തിക സഹായ പദ്ധതികൾ ഏതെല്ലാം; ഇത് ഓരോന്നിനും അപേക്ഷിയ്ക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡം/നിബന്ധന എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിനും നിഷ്കർഷിക്കുന്ന വരുമാന പരിധി എത്രയെന്ന് വിശദമാക്കുമോ;

(സി) വളരെ താഴ്ന്ന വരുമാനമാണ് നിലവിൽ വരുമാന പരിധിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് എന്നതിനാൽ പ്രസ്തുത പദ്ധതികളുടെ പരിരക്ഷ ഭൂരിഭാഗം സാധാരണ ജനങ്ങൾക്കും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് കാലോചിതമായി പരിഷ്കരിച്ച് വരുമാന പരിധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം</u>

4455

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം പ്രകാരം കുടുംബനാഥൻ മരണപ്പെട്ടാൽ ലഭിക്കുന്ന ധന സഹായ വിതരണം 2012 മുതൽ മുടക്കം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥിതി വിശേഷം മൂലം നിരവധി കുടുംബങ്ങൾ ബുദ്ധിമുട്ടിലാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം അവശവിഭാഗക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് അവഗണന വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ചെങ്കല്ല് ഖനനം</u>

4456 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മാണത്തിന് ആവശ്യമായ ചെങ്കല്ല് നിശ്ചിത വലിപ്പത്തിൽ ഖനനം ചെയ്ത് നൽകണമെന്ന നിബന്ധന ഉൾപ്പെടുത്തി ഏതെങ്കിലും ജില്ലാ കളക്ടർമാർ ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വീട് നിർമ്മാണത്തിന് മിതമായ നിരക്കിൽ ചെങ്കല്ല് ലഭ്യമാക്കുന്നതിനും ചെങ്കല്ലിന്റെ വില നിശ്ചയിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തിൽ പ്രാദേശികമായ ഘടകങ്ങൾ പരിശോധിച്ച് വില നിശ്ചയിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>അനധികൃതമണൽഖനനം</u>

4457 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബാബു എം. പാലിശ്ശേരി
,, കെ. ദാസൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരോധിത മേഖലകളിൽ നിന്നുൾപ്പെടെ അനധികൃത മണൽഖനനംശക്തിപ്പെട്ടിരിക്കുന്നതുശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാരിസ്ഥിതികാനുമതിയില്ലാതെ മണൽഖനനത്തിന് അനുമതി നൽകരുതെന്ന സുപ്രീം കോടതിവിധി മറികടന്നുകൊണ്ട്, എവിടെയെങ്കിലും മണൽഖനനത്തിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എറണാകുളം ജില്ലയിൽ ഏതാനും കടവുകളിൽ മണൽ വാരാൻ, സെസ് റിപ്പോർട്ട് അവഗണിച്ചുകൊണ്ട് മുഖ്യമന്ത്രി നേരിട്ട് ഉത്തരവിടുകയുണ്ടായിട്ടുണ്ടോ; കേരള ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം 'സെസ്' പഠനം നടത്തി മണൽവാരൽ നിയന്ത്രിക്കേണ്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ട കടവുകളും ഇതിലുൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>അനധികൃതമണൽവാരൽ സംബന്ധിച്ചുള്ള കേസുകൾ</u>

4458 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത മണൽവാരൽ സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂവകുപ്പ് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര എണ്ണം ശിക്ഷിക്കപ്പെട്ടുവെന്നും എത്ര രൂപ പിഴ ഇനത്തിൽ ലഭ്യമായെന്നും ജില്ലതിരിച്ച് വിശദമാക്കുമോ;

(സി) മണൽ വാരൽ സംബന്ധിച്ച കേസുകളിൽ പിടിച്ചെടുത്ത വാഹനങ്ങൾ, തോണി എന്നിവ എത്രയെന്ന് അറിയിക്കുമോ;

(ഡി) ഇത്തരത്തിൽ പിടികൂടിയ എത്ര വാഹനങ്ങൾ വിട്ടുകൊടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഇ) പിടികൂടിയ വാഹനങ്ങൾ എത്രയെണ്ണം കസ്റ്റഡിയിലുണ്ടെന്നും ഇവ വിട്ടുകൊടുക്കുന്നതിനോ ലേലം ചെയ്യുന്നതിനോ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുളളതെന്നും വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>അംഗീകൃത കടവുകളിലെ മണൽ ഖനന നിരോധനം</u>

4459 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗീകൃത കടവുകളിൽ നിന്നും മണൽ ഖനനം നിരോധിച്ചുകൊണ്ട് ഏതെല്ലാം ജില്ലകളിലാണ് കലക്ടർമാർ ഉത്തരവ് നൽകിയത്; വ്യക്തമാക്കാമോ;

(ബി) ജനങ്ങളുടെ ദുരിതങ്ങൾ പരിഗണിച്ച് പ്രസ്തുത ഉത്തരവുകൾ പുനഃപരിശോധിച്ച് നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിൽ മണൽഖനനവും മണൽ കടത്തും

4460 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മണൽഖനനവും മണൽകടത്തും നിരോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതൽ; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) നിരോധനംമൂലം മണൽ പാസ് ലഭിച്ചവർക്ക് മണൽ ലഭ്യമാകുന്നതിൽ തടസ്സം നേരിട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) മണൽ ന്യായവിലക്ക് സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് എന്തു നടപടിയാണ് ജില്ലാ ഭരണകൂടം സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഇ) മലമ്പുഴ ഡാമിൽ നിന്നും മുമ്പു ശേഖരിച്ചിരുന്ന മണൽ, പാസ്സ് നൽകി സാധാരണക്കാർക്ക് വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

പതിനഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ള വ്യക്തികൾ

4461 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി കൈവശംവെച്ച് വരുന്ന വ്യക്തികൾ ഇപ്പോൾ എത്രയുണ്ടെന്ന് വെളിപ്പെടുത്തമോ;

(ബി) പതിനഞ്ച് ഏക്കറിൽ കൂടുതൽ കൈവശഭൂമിയുള്ള വ്യക്തികളിൽ നിന്നും അവ മിച്ചഭൂമിയായി കണക്കാക്കി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നു ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) നിയമ വിരുദ്ധമായി ഭൂമി കൈവശംവച്ച് വരുന്നവരിൽ നിയമസഭാ സാമാജികരായ എത്ര പേരുണ്ട്; ആരെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>മിച്ച ഭൂമിയും കൈയേറ്റ ഭൂമിയും</u>

4462 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലാന്റ് ബാങ്കിൽ നിലവിൽ എത്ര ഏക്കർ ഭൂമി ഉണ്ട്; ഇത് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) മുഴുവൻ വില്ലേജുകളിലും മിച്ച ഭൂമിയും കൈയേറ്റ ഭൂമിയും എത്രയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വൻകിടക്കാർ കയ്യേറിയ സർക്കാർ ഭൂമി, ഭൂമി ഇല്ലാത്തവർക്ക് പതിച്ചു കൊടുക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

കാസറഗോഡ് ജില്ലയിലെ മിച്ചഭൂമി

4463

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിച്ചഭൂമി പതിച്ചുകിട്ടുന്നതിനായി ഭൂരഹിതരിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) കാസറഗോഡ് ജില്ലയിലെ ഭൂരഹിതർക്ക് നൽകാൻ മതിയായ മിച്ചഭൂമി ജില്ലയിൽ ലഭ്യമാണോ;

(സി) മറ്റു ജില്ലകളിലെ ഭൂരഹിതർക്ക് കാസറഗോഡ് ജില്ലയിൽ ഭൂമി പതിച്ചുനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര പേർക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഭാവിയിലെ പൊതു ആവശ്യങ്ങൾക്ക് വേണ്ടി അധികമായി മിച്ചഭൂമി ജില്ലയിലുണ്ടോയെന്നും എങ്കിൽ അധികം ലഭ്യമായ ഭൂമിയുടെ വിസ്തൃതി എത്രയാണെന്നും വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>സ്വകാര്യ വ്യക്തിക്ക് അനുവദിച്ച മിച്ചഭൂമി</u>

4464 ശ്രീ. രാജു എബ്രഹാം
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി.കെ. സദാശിവന്‍
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പത്തനംതിട്ട ജില്ലയില്‍ ഒരു സ്വാശ്രയ പ്രൊഫഷണല്‍ കോളേജ് ആരംഭിക്കുന്നതിന് ഒരു സ്വകാര്യവ്യക്തിക്ക് സര്‍ക്കാര്‍ മിച്ചഭൂമി അനുവദിക്കുകയുണ്ടായോ;

(ബി) പ്രസ്തുത ഭൂമി അനുവദിച്ചത് വ്യവസ്ഥകള്‍ പൂര്‍ണ്ണമായി പാലിച്ചുകൊണ്ടായിരുന്നുവോ; എന്തൊക്കെയായിരുന്നു വ്യവസ്ഥകള്‍; വിശദമാക്കാമോ;

(സി) ഇത്തരം ഒരു തീരുമാനത്തിനിടയാക്കിയ സാഹചര്യങ്ങള്‍ എന്തായിരുന്നു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>വടകര താലൂക്കിലെ പുറമ്പോക്ക് ഭൂമി</u>

4465 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ ഓരോ വില്ലേജിലും ലഭ്യമായ പുറമ്പോക്ക് ഭൂമിയുടെ അളവ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഭൂമി കൈയേറിയത് സംബന്ധിച്ച് കേസുകൾ നിലവിലുണ്ടോ എന്നും കേസിൽ ഉൾപ്പെട്ട വ്യക്തികളുടെ പേരും മേൽവിലാസവും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ വ്യക്തികൾ സർക്കാരിനെതിരായി നൽകിയ കേസുകൾ ഏതൊക്കെയെന്നും സർക്കാരിന്റെ ഏത് നടപടിക്കെതിരായിട്ടാണ് കേസിന് പോയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

കടകംപള്ളി ഭൂമിതട്ടിപ്പ്

4466 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടകംപള്ളി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് വകുപ്പുതല അന്വേഷണം നടത്തുകയുണ്ടായോ;

(ബി) ആരാണ് അന്വേഷണം നടത്തിയത്; വ്യക്തമാക്കാമോ;

(സി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) അന്വേഷണ റിപ്പോർട്ടിന്മേൽ വകുപ്പുതലത്തിൽ സ്വീകരിച്ച തുടർ നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കടകംപള്ളി വില്ലേജിലെ ഭൂമി തട്ടിപ്പുകേസുമായി ബന്ധപ്പെട്ട് റവന്യുവകുപ്പ് സ്വീകരിച്ച നടപടി</u>

4467 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കടകംപള്ളി വില്ലേജിലെ ഭൂമി തട്ടിപ്പുകേസുമായി ബന്ധപ്പെട്ട് റവന്യുവകുപ്പിന് ആരുടെയൊക്കെ പരാതികളാണ് ലഭിച്ചിട്ടുള്ളത് ;

(ബി) പരാതി നൽകിയവരിൽ ആരുടെയൊക്കെ എത്രവീതം സ്ഥലമാണ് പ്രതിയായ ശ്രീ. സലിംരാജും കൂട്ടരും ചേർന്ന് തട്ടിയെടുത്തത് ;

(സി) പ്രതിയായ ശ്രീ. സലിംരാജ് തട്ടിയെടുത്ത ഭൂമിയ്ക്ക് റവന്യു
വകുപ്പ് തിട്ടപ്പെടുത്തിയ വിലയെത്രയാണ് ;

(ഡി) ഭൂമി പതിവ് അക്കൗണ്ട് പ്രകാരവും, തണ്ടപ്പേര് അക്കൗണ്ടുപ്രകാരവും ഭൂമിയുടെ അവകാശികൾ, തങ്ങളുടെ ഭൂമി അന്യായമായി ഒരാൾ തട്ടിയെടുത്തതായി പരാതി രേഖാമൂലം സമർപ്പിച്ചാൽ സാധാരണഗതിയിൽ റവന്യു വകുപ്പ് എന്ത് നടപടിക്രമങ്ങളാണ് സ്വീകരിക്കുന്നത് ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത കേസ്സിലെ പരാതിക്കാരുടെ പരാതികളിൽ ഇതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമാണ് ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ഭൂമി തട്ടിപ്പ് കേസിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ</u>

4468 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടിയുടെ ഗൺമാൻ ആയിരുന്ന സലിംരാജ് ഉൾപ്പെട്ട കടകംപള്ളി ഭൂമി തട്ടിപ്പ് കേസിൽ കുറ്റക്കാരെന്ന് റവന്യൂ വകുപ്പ് സെക്രട്ടറി അന്വേഷണത്തിൽ കണ്ടെത്തിയ ഉദ്യോഗസ്ഥന്മാർ ആരൊക്കെയായിരുന്നു; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ; ഇവർക്കെതിരെ നടപടി എടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ;

(സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച് റവന്യൂ വകുപ്പ് സെക്രട്ടറി കണ്ടെത്തിയ വിവരങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>ഭൂമി തട്ടിപ്പിൽ പങ്കാളിയായ</u>
<u>ഉദ്യോഗസ്ഥർക്കെതിരെ നടപടി</u>

4469 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ മുൻഗൺമാൻ ഉൾപ്പെട്ട ഭൂമി തട്ടിപ്പ് ഏതെല്ലാം ജില്ലകളിലാണ് നടന്നിട്ടുള്ളത്;

(ബി) പ്രസ്തുത തട്ടിപ്പിലൂടെ കൈവശപ്പെടുത്തിയ ഭൂമിയുടെ അളവ് എത്ര;

(സി) ഭൂമി തട്ടിപ്പ് സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ; അന്വേഷണത്തിൽ റവന്യു ഉദ്യോഗസ്ഥർ തട്ടിപ്പിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തട്ടിപ്പിന് കൂട്ടുനിന്നതായി റിപ്പോർട്ടിൽ പരാമർശിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ;

(ഇ) ഭൂമി തട്ടിപ്പിൽ പങ്കാളിയായ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് ഹൈക്കോടതി പരാമർശം ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിൽ റവന്യൂ വകുപ്പ് പാട്ടത്തിന് നൽകിയ സ്ഥലങ്ങൾ

4470 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള എത്ര സ്ഥലങ്ങൾ പാട്ടത്തിന് കൊടുത്തിട്ടുണ്ടെന്ന് സ്ഥലത്തിന്റെ അളവ്, വില്ലേജ്, സ്ഥലത്തിന്റെ വിശദാംശം, പാട്ടസ്ഥലം കൈവശക്കാരന്റെ വിശദാംശങ്ങൾ എന്നിവ സഹിതം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>തമിഴ്നാട്ടിലെ കുറ്റാലത്ത് സംസ്ഥാനത്തിന് അർഹതപ്പെട്ട ഭൂമി</u>

4471 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ കുറ്റാലത്ത് സംസ്ഥാനത്തിന് അർഹതപ്പെട്ടതായ എത്ര ഏക്കർ ഭൂമി ഉണ്ടെന്നും അതിപ്പോൾ ആരുടെ കൈവശാവകാശത്തിലാണെന്നും വെളിപ്പെടുത്താമോ;

(ബി) കുറ്റാലത്തെ ഭൂമി പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിൽകൊണ്ടുവരുന്നതിന് സാധ്യമായിട്ടുണ്ടോ; ഭൂമി സംബന്ധമായി കേസ് എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

കായൽ കയ്യേറ്റങ്ങൾ തടയുന്നതിന് നടപടി

4472 ശ്രീ. ഇ. പി. ജയരാജൻ
,, എസ്. ശർമ്മ
,, രാജു എബ്രഹാം
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൻതോതിൽ കായൽ കയ്യേറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് തടയുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കയ്യേറ്റംമൂലം കായൽ വിസ്തൃതി ദിനംപ്രതി കുറഞ്ഞുവരുന്ന കാര്യം അറിവുള്ളതാണോ ;

(സി) കായൽ കയ്യേറ്റം സംബന്ധിച്ച് റവന്യൂ വിജിലൻസ് വിഭാഗം
പരിശോധന നടത്തുകയുണ്ടായോ ; വിശദാംശം ലഭ്യമാ
ക്കാമോ ;

(ഡി) കയ്യേറ്റം നടന്ന ചില പ്രദേശങ്ങളിൽ റിസോർട്ടുകൾ പണിതിട്ടുള്ള കാര്യം റവന്യൂ വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) കുമരകം കായലിൽ നടത്തിയിട്ടുള്ള കയ്യേറ്റങ്ങളും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും സംബന്ധിച്ച് റിപ്പോർട്ടിൽ
പരാമർശമുണ്ടോ ; എങ്കിൽ ഇതുപ്രകാരം സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) കായൽ കയ്യേറി നിർമ്മിച്ച റിസോർട്ടുകൾ പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച് സുപ്രീംകോടതി വിധി എന്തെങ്കിലുമുണ്ടായിരുന്നോ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ജി) കായൽ കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ പ്രദേശങ്ങൾ തിരിച്ച് പിടിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>റവന്യൂവക ഭൂമി ഇതര വകുപ്പുകൾക്ക് കൈമാറുന്നതിനുള്ള വ്യവസ്ഥകൾ</u>

4473 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂവക ഭൂമി ഇതരവകുപ്പുകൾക്ക് കൈമാറുന്നതിനുള്ള വ്യവസ്ഥകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) മാർക്കറ്റ് വിലയ്ക്ക് പഞ്ചായത്തുകൾക്ക് പതിച്ചു നൽകുന്ന വ്യവസ്ഥ നിലവിലുണ്ടോ;

(സി) എങ്കിൽ മാർക്കറ്റ് വില കണക്കാക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; പാട്ട വ്യവസ്ഥയിൽ ഭൂമി പതിച്ച് നൽകുന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ഡി) തളിപ്പറമ്പിൽ കുറുമാത്തൂർ ഐ.ടി.ഐ. യുടെ വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കാനുള്ള അപേക്ഷ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ഇ) എങ്കിൽ ആയത് നൽകാനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ഭൂമി കൈമാറുന്നതിനുള്ള മാനദണ്ഡങ്ങൾ

T.4474 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള ഭൂമി പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ആരംഭിക്കുന്ന ഒരു സർക്കാർ സ്ഥാപനം നിർമ്മിക്കുന്നതിന് കൈമാറി നൽകണമെങ്കിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധമായ നിയമം, ചട്ടം എന്നിവയുടെ പ്രസക്ത ഭാഗങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ഭൂമി മരവിപ്പിക്കൽ

4475 ശ്രീ. സി. ദിവാകരൻ
,, കെ. രാജു
,, പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ -സ്വകാര്യ പദ്ധതികൾക്കുവേണ്ടി മരവിപ്പിച്ച എത്ര ഏക്കർ ഭൂമി വെറുതെ കിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗസറ്റ് വിജ്ഞാപനത്തിലൂടെയും എമർജിംഗ് കേരളയ്ക്ക് വേണ്ടിയും ഇതുവരെ എത്ര ഏക്കർ ഭൂമി മരവിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം ഭൂമി മരവിപ്പിക്കലിന്റെ പേരിൽ എത്ര കുടുംബങ്ങൾ വിവിധ തരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(ഡി) ആവശ്യമില്ലാത്ത ഭൂമി മരവിപ്പിക്കലിൽ നിന്നും മാറ്റിക്കൊടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തു നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ആറന്മുള വിമാനത്താവള ഭൂമി പോക്കുവരവ്</u>

4476 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ആറന്മുള വിമാനത്താവളഭൂമിയുടെ പോക്കുവരവ് നടത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പോക്കുവരവ് നടത്തിയതിന്റെ നടപടിക്രമം പൂർണമായി പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വിമാനത്താവളത്തിന് കണ്ടെത്തിയ ഭൂമി പോക്കുവരവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കോഴഞ്ചേരി വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിൽ ഭൂമി പോക്കുവരവ് ചെയ്യുന്നതിനെതിരെ പരാമർശമുണ്ടോ; എങ്കിൽ അക്കാര്യം പോക്കുവരവ് ചെയ്യുന്ന സമയത്ത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾ</u>

4477 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര മണ്ഡലത്തിൽ റിവർമാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കാലതാമസം കൂടാതെ പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>റിവർ മാനേജ്മെന്റ് ഫണ്ട്</u>

4478 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായുള്ള സ്റ്റേറ്റ് ലെവൽ കമ്മിറ്റി 2011 മെയ് മാസത്തിനുശേഷം എത്ര തവണ യോഗം ചേരുകയുണ്ടായി;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷമുള്ള ആദ്യ യോഗം എന്നാണ് ചേർന്നത്;

(സി) പ്രസ്തുത യോഗത്തിൽ അംഗീകരിച്ച മിനിട്സ് പ്രകാരമുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ്;

(ഡി) തുടർന്ന് സ്റ്റേറ്റ്ലെവൽ കമ്മിറ്റി എത്ര യോഗങ്ങൾ ചേർന്നു; പ്രസ്തുത യോഗങ്ങൾ ചേർന്നത് എന്നൊക്കെയാണ്;

(ഇ) പ്രസ്തുത യോഗങ്ങളുടെ മിനിട്സുകൾ പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചോ; എങ്കിൽ ഉത്തരവ് ലഭ്യമാക്കുമോ;

(എഫ്) കണ്ണൂർ ജില്ലയിൽ റിവർ മാനേജ്മെന്റ ഫണ്ടിൽ ആകെ എത്ര തുകയാണ് ലഭ്യമായിട്ടുള്ളത്;

(ജി) പ്രസ്തുത തുക മുഴുവനായും വിനിയോഗിക്കുവാൻ കഴിയുന്നവിധം നിലവിലുള്ള പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾക്ക് മുഴുവൻ അംഗീകാരം നൽകുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിൽ ഭൂമി നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർ</u>

4479 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമിയുണ്ടായിരുന്ന എത്ര പട്ടികവർഗ്ഗക്കാർക്ക് അട്ടപ്പാടിയിൽ ഭൂമി നഷ്ടപ്പെട്ടിട്ടുണ്ടെന്നുളള വിവരം വ്യക്തമാക്കാമോ; ഇപ്രകാരം ഭൂമി നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് അവരുടെ ഭൂമി തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് അവരുടെ നഷ്ടപ്പെട്ട ഭൂമി തിരികെ നൽകാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ;

(സി) കൈയ്യേറ്റത്തിന്റെ ഭാഗമായി പട്ടികവർഗ്ഗക്കാർക്ക് നഷ്ടപ്പെട്ട ഭൂമിയെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിൽ ഭൂമി ലഭിച്ച പട്ടികവർഗ്ഗക്കാർ</u>

4480 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ഭൂരഹിതരായ എത്ര പട്ടികവർഗ്ഗക്കാർ ഉണ്ടെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പട്ടികവർഗ്ഗക്കാർക്ക് അട്ടപ്പാടിയിൽ ഭൂമി നൽകിയെന്ന വിവരം അറിയിക്കുമോ; എത്ര ഭൂമിയാണ് ഓരോരുത്തർക്കും നൽകിയതെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>പുതുക്കാട് മണ്ഡലത്തിലെ കുടുംബങ്ങള്‍ക്ക് പട്ടയ വിതരണം</u>

4481 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്ത്, മറ്റത്തൂര്‍ പഞ്ചായത്ത് പ്രദേശങ്ങളിലെ ചൊക്കാന-നായാട്ടുക്കുണ്ട് എന്നിവിടങ്ങളിലെ ഇരുന്നൂറോളം കുടുംബങ്ങള്‍ക്ക് പട്ടയം ലഭിക്കാനുണ്ട് എന്ന കാര്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ അതിന്മേല്‍ സ്വീകരിച്ച നടപടിയും അതിന്റെ പുരോഗതിയും വിശദമാക്കുമോ;

(സി) പട്ടയം എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ</u>

4482 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ വിവിധങ്ങളായ പട്ടയ അപേക്ഷകളിന്മേൽ പട്ടയം നൽകുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംയുക്ത പരിശോധന കഴിഞ്ഞ പൂളിയിലപ്പാറയിലേയും മറ്റു വിവിധങ്ങളായ പുറമ്പോക്കു നിവാസികൾക്കും പട്ടയം നൽകുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഭൂമിക്കു പട്ടയം/കൈവശരേഖ ലഭിക്കാത്തവർ

4483 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്കു പട്ടയം നൽകുകയുണ്ടായി; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപ്പെട്ട എത്രപേർക്ക് പട്ടയം/കൈവശരേഖ നൽകി; 01.07.2011 മുതൽ 31.12.2013 വരെയുള്ള കണക്ക് പ്രസിദ്ധീകരിക്കുമോ;

(സി) ഒറ്റപ്പാലം താലൂക്കിൽ പട്ടയം/കൈവശരേഖ ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ നിലവിലുണ്ട്; വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) അപേക്ഷകർക്ക് എന്നു പട്ടയം നൽകുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പുതുക്കാട് ഗ്രാമപഞ്ചായത്തിലെ കണ്ണമ്പത്തൂർ പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം</u>

T.4484 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ പുതുക്കാട് ഗ്രാമപഞ്ചായത്തിലെ കണ്ണമ്പത്തൂർ എന്ന പ്രദേശം പട്ടികജാതി ശ്മശാനം ആയിരുന്നുവെങ്കിലും 100 വർഷത്തിലധികമായി 12 വീട്ടുകാർ പ്രസ്തുത സ്ഥലത്ത് പട്ടയം ഇല്ലാതെ താമസിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) പട്ടയം ലഭിക്കണമെന്ന ഇവരുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് പട്ടയം നൽകുവാൻ നടപടി സ്വീകരിച്ച്, പട്ടയം എന്നത്തേക്ക് നൽകാനാകും എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയ്ക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക</u>

4485 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിക്കുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ; എന്ത് തുകയാണ് വകയിരുത്തിയത്; ഇതിനകം എന്ത് തുക ചിലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭൂമി വിതരണം ചെയ്യുന്നതിന് ഭൂമി വിലയ്ക്കു വാങ്ങിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം പട്ടയം ലഭിച്ചവർ

4486

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം പട്ടയം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പട്ടയം ലഭിച്ചവരിൽ എത്ര പേർക്ക് ഭൂമി നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) ഇനി ഭൂമി ലഭിക്കാനുള്ളവർക്ക് എപ്പോൾ ലഭിക്കും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ഭൂരഹിതരില്ലാത്ത ജില്ലകൾ</u>

4487 ശ്രീ. കെ. കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ വിവിധ ജില്ലകളിലായി ഭൂമി ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ; ഇത്തരം അപേക്ഷ കളിൽ റവന്യൂ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ അപേക്ഷ നൽകിയ മുഴുവൻ പേർക്കും ഭൂമി നൽകാൻ കഴിഞ്ഞിട്ടുണ്ടോ ; അപേക്ഷ നിരസിക്കപ്പെട്ടവർ ഉണ്ടോ ; എങ്കിൽ എത്ര ; നിരസിക്കാനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളാണ് ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുള്ളത് ; ഭൂരഹിതരെ കണ്ടെത്തുന്നതിന് ജില്ലാതലത്തിൽ സർവ്വെകൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ ; കണ്ണൂരിനെ ഭൂരഹിതരില്ലാത്ത ജില്ലയെന്ന് ഉറപ്പുവരുത്തുന്നതിന് എന്ത് മാർഗ്ഗമാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ ഭൂമി ലഭിച്ചവർ

4488 ശ്രീമതി. കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പാവപ്പെട്ടവർക്ക് നല്കാനായി സ്വന്തം ഭൂമി സർക്കാരിന് നൽകിയവർ ആരെല്ലാം; വ്യക്തമാക്കുമോ;

(ബി) ഇവരിൽ നിന്നും നേരിട്ട് രേഖകൾ വാങ്ങിയത് റവന്യൂ വകുപ്പ് മന്ത്രിയാണോ; എങ്കിൽ ഇതിന് മാതൃകായാകുവാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഭൂരഹിതരായ എല്ലാപേർക്കും എപ്പോൾ ഭൂമി നൽകാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗക്കാർ

4489 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് പട്ടയം നൽകി; ഇതിൽ പട്ടികജാതിക്കാർ എത്ര; പട്ടികവർഗ്ഗകുടുംബങ്ങൾ എത്ര; വ്യക്തമാക്കാമോ;

(ബി) അപേക്ഷകരിൽ അതത് വില്ലേജിൽത്തന്നെ ഭൂമി ലഭിച്ചവരെത്ര; താലൂക്ക് പരിധിയിൽ ഭൂമി ലഭിച്ചവരെത്ര; ജില്ലയിൽത്തന്നെ എത്ര പേർക്ക് ഭൂമി ലഭിച്ചു; ജില്ലക്ക് പുറത്ത് ഭൂമി ലഭിച്ചവരെത്ര;

(സി) പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് അവരുടെ ജില്ലക്ക് പുറത്ത് ഭൂമി നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ വിതരണം ചെയ്ത ഭൂമി</u>

4490 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊല്ലം ജില്ലയിലെ എത്ര ഭൂരഹിതർക്കാണ് ഭൂമി ലഭ്യമാക്കിയതെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇനിയും ഭൂമിലഭ്യമാക്കാത്ത എത്ര അപേക്ഷകരാണ് കൊല്ലം ജില്ലയിലുളളത്;

(സി) ഇവർക്ക് എന്നത്തേയ്ക്ക് ഭൂമി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ ഭൂരഹിതർക്ക് ഭൂമിനൽകുന്ന പദ്ധതി</u>

4491 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലിൽ ഭൂരഹിതർക്ക് ഭൂമി നൽകാനുളള പദ്ധതിയിൽ ഭൂമി പതിച്ചുകൊടുക്കാൻ നിയമ നടപടികൾ പൂർത്തിയാക്കിയാണോ അതിനുളള ലിസ്റ്റ് തയ്യാറാക്കിയിട്ടുളളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ജില്ലയ്ക്ക് പുറത്തുളവർക്ക് കാസർഗോഡ് ജില്ലയിൽ പൊതു ആവശ്യത്തിന് നീക്കിവെച്ച ഭൂമി മേൽപദ്ധതി പ്രകാരം നൽകരുതെന്ന ജനപ്രതിനിധികളുടെ ആവശ്യം ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയനുസരിച്ച്</u>
<u>ആലപ്പുഴ ജില്ലയിൽ ഭൂമി ലഭിച്ചവർ</u>

4492 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയനുസരിച്ച് ഏതെല്ലാം ജില്ലയിൽ ഭൂമി വിതരണം ചെയ്തിട്ടുണ്ട് ;

(ബി) ആലപ്പുഴ ജില്ലയിൽ വിതരണം ചെയ്ത ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ആലപ്പുഴ ജില്ലയിൽ, സ്വന്തമായി ഭൂമിയില്ലാത്ത എത്ര പേർ ഭൂമി ലഭിക്കുന്നതിനായി അപേക്ഷ നല്കിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ ഭൂമി ലഭിക്കുന്നതിനായി സ്വന്തമായി ഭൂമിയില്ലാത്ത എത്ര പേർ അപേക്ഷ നലകിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) എത്ര പേർക്ക് ഭൂമി നല്കിയിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിച്ചവർ

4493 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിൽ ഏതെല്ലാം വില്ലേജുകളിൽ നിന്നുമാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി നൽകാൻ തെരഞ്ഞെടുത്തതെന്നും ഓരോ വില്ലേജിൽ നിന്നും എത്ര ആർ ഭൂമിവീതം പ്രസ്തുത പദ്ധതി പ്രകാരം നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത വില്ലേജുകളിൽ നിന്നും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തിയ ഭൂമി ആർക്കെല്ലാം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് പേരും മേൽവിലാസവുമുൾപ്പെടെ വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>നെൽവയൽ നികത്തിയതുമായി ബന്ധപ്പെട്ടുള്ള പരാതികൾ</u>

4494 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനുമതിയില്ലാതെ നെൽവയൽ നികത്തിയതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇത് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പല പരാതികളിലും ആവശ്യമായ നടപടി വകുപ്പ് സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ;

(സി) പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കുകയും ജലസ്രോതസ്സുകളെ ഇല്ലാതാക്കുകയും ചെയ്യുന്ന, വയൽ നികത്തലും കുന്നിടിക്കലും പോലുള്ള പ്രവൃത്തികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ നെൽവയൽ, തണ്ണീർത്തടം ഡാറ്റാബാങ്ക്</u>

4495 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നെൽവയലുകളുടേയും, തണ്ണീർ തടങ്ങളുടേയും 'ഡാറ്റാബാങ്ക്' തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ കോഴിക്കോട് താലൂക്കിലെ വേങ്ങേരി, കോട്ടൂളി, ചേവായൂർ വില്ലേജുകളിലെ ഡാറ്റാ ബാങ്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പുലമൺ തോടിന്റെ ഇരുവശങ്ങളിലുമായിട്ടുള്ള കൈയ്യേറ്റം</u>

4496 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപെടുന്ന പുലമൺ തോടിന്റെ ഇരുവശങ്ങളിലുമായിട്ടുള്ള കൈയ്യേറ്റം സംബന്ധിച്ച് റവന്യു വകുപ്പ് സർവ്വേ നടത്തിയതിൽ എത്ര വിസ്തൃതിയിൽ ഭൂമി കൈയ്യേറ്റം വെളിപ്പെട്ടിട്ടുണ്ട്;

(ബി) കൈയ്യേറ്റ ഭൂമി സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) കൈയ്യേറ്റക്കാർക്ക് എതിരെ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>നെൽവയലും, തണ്ണീർതടങ്ങളും നികത്തുന്നതിനുള്ള അനുമതി</u>

4497 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ വീടു നിർമ്മാണത്തിനല്ലാതെ നെൽവയലും, തണ്ണീർതടങ്ങളും നികത്തുന്നതിന് കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>ചാലക്കുടി നഗരസഭയിലെ 19-ാം വാർഡിൽ സർവ്വെ നമ്പർ 508/5-ൽപ്പെട്ട സ്ഥലം</u>

4498 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിലെ 19-ാം വാർഡിൽ സർവ്വെ നമ്പർ 508/5-ൽപെട്ട സ്ഥലം നികത്തുന്നതിനായുള്ള അനുമതിയ്ക്കായി ജില്ലാ കളക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകന് സ്ഥലം മണ്ണിട്ട് നികത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് മണ്ണിട്ട് നികത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ വരൾച്ച</u>

4499 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് - ഏപ്രിൽ മാസങ്ങളിൽ വരൾച്ച പ്രതീക്ഷിക്കുന്നുണ്ടോ; കാലാവസ്ഥ വ്യതിയാനവകുപ്പിൽ നിന്നും ഇത്തരത്തിലുള്ള മുന്നറിയിപ്പു ലഭിച്ചിട്ടുണ്ടോ;

(ബി) വരൾച്ച നേരിടുന്നതിന് പാലക്കാട് ജില്ലാഭരണകൂടം എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) 2013 വർഷത്തിൽ എത്ര ശുദ്ധജല പദ്ധതികൾക്ക് അംഗീകാരം നൽകി; എത്ര എണ്ണം നടപ്പിലാക്കി; 31-12-13 വരെ എന്തു തുകയാണ് ചിലവഴിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിൽ 2013-14 സാമ്പത്തിക വർഷത്തിൽ റവന്യു റിക്കവറി കുടിശ്ശിക

4500 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ റവന്യു റിക്കവറി കുടിശ്ശിക ഇനത്തിൽ പാലക്കാട് ജില്ലയിൽ എന്തു തുകയാണ് പിരിച്ചെടുക്കുവാൻ ഉണ്ടായിരുന്നത്;

(ബി) സർക്കാർ കുടിശ്ശിക, മറ്റുള്ളവ എന്നിവയുടെ വേർതിരിച്ച കണക്ക് വ്യക്തമാക്കുമോ;

(സി) 31.12.2013 വരെ എന്തു തുക പിരിച്ചെടുത്തു;

(ഡി) എന്തു തുകയ്ക്ക് സ്റ്റേ അനുവദിച്ചു; ഒരു ലക്ഷത്തിനു മുകളിലുള്ള തുകകൾക്ക് സ്റ്റേ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഒരു ലക്ഷം രൂപയിലധികം തുകക്ക് സ്റ്റേ കിട്ടിയ എത്ര കേസുകൾ നിലവിൽ ഉണ്ട്; ഇവയിൻമേൽ പ്രത്യേകം സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

നാട്ടിക മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾക്കുവേണ്ടി ഫ്ളഡ് ഫണ്ടിൽനിന്ന് അനുവദിച്ച തുക

4501 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14 സാമ്പത്തികവർഷങ്ങളിൽ നാട്ടിക മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾക്കു വേണ്ടി ഫ്ളഡ് ഫണ്ടിൽനിന്ന് എന്ത് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സമഗ്രദുരിതനിവാരണ ഇൻഷ്വറൻസ് പദ്ധതി</u>

4502 ശ്രീ. വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്രദുരിതനിവാരണ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഏതെല്ലാം മേഖലകളാണ് ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ വരുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>വൈക്കം താലൂക്കിലെ ദുരിതാശ്വാസ ക്യാമ്പുകൾ</u>

4503 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് വൈക്കം താലൂക്കിൽ എത്രയിടങ്ങളിൽ എത്ര തവണ വീതം ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചിരുന്നു; പ്രസ്തുത ക്യാമ്പുകളിൽ ആകെ എത്ര ആളുകൾ എത്ര കുടുംബങ്ങളിൽ നിന്നും എത്തിയിരുന്നു; വ്യക്തമാക്കുമോ;

(ബി) വൈക്കം താലൂക്കിലെ എത്ര വില്ലേജുകളിലാണ് വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ കേന്ദ്രങ്ങൾ തുറന്നതെന്നും പ്രസ്തുത ക്യാമ്പുകൾക്കായി ഓരോ വില്ലേജിലും എന്തു തുക വീതം ചിലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) സർക്കാർ പ്രഖ്യാപിച്ച ദുരിതാശ്വാസ സഹായം (2000 രൂപ) വൈക്കം താലൂക്കിലെ എത്ര കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ വില്ലേജുകളിലാണ് തുക നൽകിയതെന്നും വ്യക്തമാക്കുമോ;

(ഡി) ദുരിതാശ്വാസ ക്യാമ്പുകളിലെത്തിയ എത്ര കുടുംബങ്ങൾക്കാണ് ഇനി സർക്കാർ സഹായം ലഭ്യമാക്കാനുള്ളതെന്നും ഇവർക്ക് എന്നത്തേയ്ക്ക് സഹായം നൽകാനാവുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>2013-14 ൽ തൃശ്ശൂർ ജില്ലയ്ക്ക് അനുവദിച്ച</u>
<u>വരൾച്ച ദുരിതാശ്വാസ തുക</u>

4504 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തികവർഷത്തിൽ വരൾച്ച ദുരിതാശ്വാസത്തിനായി തൃശ്ശൂർ ജില്ലയ്ക്ക് എന്തു തുക അനുവദിച്ചു; ഇതിൽ എന്തു തുക ചിലവഴിച്ചു;

(ബി) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് അടക്കം പല ഭാഗങ്ങളിലും വരൾച്ച അനുഭവപ്പെടുന്നത് കണക്കിലെടുത്ത്, അടിയന്തിരമായി വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) തലപ്പിള്ളി താലൂക്ക് കടുത്ത വരൾച്ച ബാധിത പ്രദേശമായതിനാൽ, കൂടുതൽ സ്വാശ്രയ കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം, നേമം, വട്ടിയൂര്‍ക്കാവ്, കഴക്കൂട്ടം, കോവളം നിയോജകമണ്ഡലങ്ങളില്‍ നടപ്പിലാക്കിയ പ്രവൃത്തികള്‍</u>

4505 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

വെളളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയില്‍ ഉള്‍പ്പെടുത്തി ഫ്ളഡ് റിലീഫ് തിരുവനന്തപുരം, നേമം, വട്ടിയൂര്‍ക്കാവ്, കഴക്കൂട്ടം, കോവളം എന്നീ നിയോജകമണ്ഡലങ്ങളില്‍ സര്‍ക്കാര്‍ അധികാരമേറ്റതിനു ശേഷം നടപ്പിലാക്കിയ പ്രവൃത്തികള്‍, തുക, നടപ്പിലാക്കിയ തീയതി തുടങ്ങി എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

കൊയിലാണ്ടി മണ്ഡലത്തിൽ ഡിസാസ്റ്റർ
മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പണിയുന്ന റോഡുകൾ

4506 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഡിസാസ്റ്റർ (ഫ്ളഡ്) മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി നൽകികൊണ്ടുള്ള ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തിയായി എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി പുരോഗമിച്ച് കൊണ്ടിരിക്കുന്നത് ഏതെല്ലാമാണ്; വ്യക്തമാക്കാമോ;

(ഇ) ഇനിയും ആരംഭിക്കുകയോ എക്സിക്യൂട്ടീവ് അനുമതി ലഭിക്കുകയോ ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാം; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

എസ്. ഡി. ആർ. എഫ് പദ്ധതി

4507 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് എസ്. ഡി. ആർ. എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകളുടെ നവീകരണത്തിന് എന്തു തുക അനുവദിച്ചു;

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>തൃശ്ശൂര്‍ ജില്ലയില്‍ റോഡുകളുടെ പുനരുദ്ധാരണം</u>

4508 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

മഴക്കാലക്കെടുതിമൂലം തകര്‍ന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി അനുവദിച്ച തുക തൃശ്ശൂര്‍ ജില്ലയില്‍ ലഭ്യമായില്ല എന്ന കാര്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ ; എങ്കില്‍ എന്നത്തേക്ക് ലഭ്യമാകും എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ചക്കിട്ടപാറ ഗ്രാമപഞ്ചായത്തിന് വിവിധ ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി ലഭിക്കുന്നതിനുള്ള അപേക്ഷ</u>

4509 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചക്കിട്ടപാറ വില്ലേജിൽ മുതുകാട് പ്രദേശത്ത് ചക്കിട്ട പാറ ഗ്രാമപഞ്ചായത്തിന് വിവിധ ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി ലഭിക്കുന്നതിനുള്ള അപേക്ഷ റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ എപ്പോഴാണ് പ്രസ്തുത ഭൂമിക്ക് വേണ്ടി അപേക്ഷ ലഭിച്ചിട്ടുള്ളത്; വെളിപ്പെടുത്തുമോ;

(സി) ആയതിന്മേൽ ഇതുവരെ എന്തെല്ലാം നടപടി സ്വീകരി ച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) 75276/യു3/2006 റവന്യൂ നമ്പർ ഫയലിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>ചാലക്കുടി പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിന് ഭൂമി</u>

4510 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി പ്രീമെട്രിക്ക് ഹോസ്റ്റലിന് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി അനുവദിക്കുന്നതിനായി ചാലക്കുടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ സമർപ്പിച്ച അപേക്ഷയിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

വെയർ ഹൗസ് പണിയുന്നതിനായി റാന്നി താലൂക്കിൽ അനുവദിച്ച സ്ഥലം

4511 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്ന വെയർ ഹൗസ് പണിയുന്നതിനായി റാന്നി താലൂക്കിൽ ചെറുകോൽ വില്ലേജിൽ പി.ഐ.പി. വക സ്ഥലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് എന്നാണ് റാന്നി താലൂക്ക് സപ്ലൈ ആഫീസർ റാന്നി തഹസീൽദാർക്ക് കത്ത് നൽകിയിട്ടുളളത്;എത്ര സെന്റ് ഭൂമി ലഭിക്കുന്നതിനായാണ് അപേക്ഷ നൽകിയിട്ടുളളത്; പ്രസ്തുത ഭൂമിയുടെ സർവ്വേ നമ്പർ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വസ്തു വിട്ടുനൽകിയിട്ടുണ്ടോ; വിട്ടു നൽകാൻ നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; പ്രസ്തുത വസ്തു അളന്ന് തിരിച്ച് നൽകാൻ കാലതാമസമെടുക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) എന്നത്തേക്ക് പ്രസ്തുത ഭൂമി അളന്ന് തിരിച്ച് അതിരുകൾ രേഖപ്പെടുത്തി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പയ്യന്നൂർ നിയോജക മണ്ഡലത്തിൽ പൊതു ആവശ്യങ്ങൾക്ക് വേണ്ടി മാറ്റിവച്ച ഭൂമി</u>

4512 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ പെരിങ്ങോം വില്ലേജിൽ ഫയർ സ്റ്റേഷൻ, ഐ. ടി. ഐ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് എന്നിവക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പൊതു ആവശ്യങ്ങൾക്ക് വേണ്ടി മാറ്റിവെച്ച് ലാന്റ് ബോർഡിൽ നിന്ന് ഉത്തരവായിട്ട് ഒരു വർഷം കഴിഞ്ഞിട്ടും പ്രസ്തുത ഭൂമി അനുവദിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>അങ്കമാലിയിൽ കോസ്റ്റ് ഗാർഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ്</u>

4513 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ ഏതെങ്കിലും പ്രദേശങ്ങൾ കോസ്റ്റ് ഗാർഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികളിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അങ്കമാലി മുനിസിപ്പാലിറ്റിയിലെ നായത്തോട് ഭാഗത്തെ ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാൽ സ്ഥലമെടുപ്പ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ജലവിതരണ സംവിധാനങ്ങൾ തടസ്സപ്പെടാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>തുറവൂർ പമ്പാ പാതയുടെ ഭാഗമായ നേരേകടവ് മാക്കേ കടവ് പാലത്തിന്റെ ലാന്റ് അക്വിസിഷൻ നടപടി</u>

4514 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തുറവൂർ പമ്പാ പാതയുടെ ഭാഗമായ നേരേകടവ് മാക്കേ കടവ് പാലത്തിന്റെ ലാന്റ് അക്വിസിഷൻ നടപടി ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് താലൂക്കിലെ പൈമ്പാലശ്ശേരി പാലവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ</u>

4515 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ പൈമ്പാലശ്ശേരി പാലവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് സ്ഥലം മുൻകൂർ വിട്ടുനൽകിയവർക്ക് നാളിതുവരെ പണം ലഭ്യമാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് പണം ലഭ്യമാക്കുന്നതിൽ ഉള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് മുൻകൂർ പണം കെട്ടിവെച്ചിട്ടുണ്ടോ;

(ഡി) മുൻകൂർ വിട്ടുനൽകിയ സ്ഥലത്തെ തെങ്ങുകളിൽ നിന്നും ഉടമയ്ക്ക് ലഭ്യമാവേണ്ട അനുഭവങ്ങൾ നിലവിൽ ആരാണ് ഉപയോഗപ്പെടുത്തുന്നത്; വ്യക്തമാക്കാമോ;

(ഇ) പൊതു ആവശ്യത്തിനായി സ്ഥലം വിട്ടുകൊടുക്കുന്നവരെ ബുദ്ധിമുട്ടിക്കുന്ന ഇത്തരം നടപടി മുൻകൂർ പ്രവൃത്തികൾക്ക് സ്ഥലം വിട്ടുനൽകുന്നവരെ പിൻതിരിപ്പിക്കുമെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>നാട്ടിക മണ്ഡലത്തിലെ പഴുവിൽ പാലം നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ</u>

4516 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിലെ ചാഴൂർ പഞ്ചായത്തിൽ പഴുവിൽ പാലം നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് നല്കുന്നതിന്റെ നടപടി സംബന്ധിച്ച നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ ;

(ബി) പഴുവിൽ പാലത്തിനായി സർവ്വെ നടത്തിയ ഭൂമി സർക്കാർ വകയാണോ, സ്വകാര്യ ഭൂമിയാണോയെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർവക ഭൂമിയിൽ കയ്യേറ്റം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ ;

(ഡി) പാലം നിർമ്മാണത്തിനാവശ്യാമയ ഭൂമി കൈമാറ്റം എപ്പോൾ സാധ്യമാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ</u>

T.4517 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടി ഏതു ഘട്ടം വരെയായിയെന്നും എത്ര ശതമാനം ഭൂമി ഏറ്റെടുത്തുവെന്നും വ്യക്തമാക്കാമോ;

(ബി) റിസോർട്ടുകളുടെ ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തിയായോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയിലെ ഇരിണാവ് പാലത്തിന് ഭൂമി ഏറ്റെടുക്കുന്ന നടപടി</u>

4518 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കണ്ണൂര്‍ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലത്തിന്റെ നിര്‍മ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പ് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ഡോ. പൗലോസ് ജേക്കബ് സൗജന്യമായി നൽകിയ ഭൂമി

4519 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡിലെ ബെൽമൗത്തിന്റെ വികസനത്തിനായി അങ്കമാലി ഫെഡറൽബാങ്ക് ജംഗ്ഷനിലെ കൂരൻ വീട്ടിൽ ഡോ. പൗലോസ് ജേക്കബ് ഫ്രീ സറണ്ടർ ആയി നല്കിയ സർവ്വെ നമ്പർ 458/17-3 ബ്ലോക്ക് 11-ൽപ്പെട്ട 3 സെന്റ് ഭൂമിയെ സംബന്ധിച്ച വില്ലേജ് റെക്കാർഡുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി ഫോർട്ട്കൊച്ചി ആർ.ഡി.ഒ.യുടെ ഉത്തരവ് (എഫ്.4840/12 കെ.ഡിസ്. തീയതി 8-11-2012) നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(സി) അങ്കമാലി കൂരൻ വീട്ടിൽ ഡോ. പൗലോസ് ജേക്കബ് ഫ്രീ സറണ്ടറായി നല്കുന്നതിനുള്ള അപേക്ഷ 2011 -ൽ നല്കിയിട്ടും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിൽ വന്നിട്ടുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി</u>

4520 ശ്രീ. ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുമൂലം ജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

റവന്യൂ വകുപ്പിലെ വിവിധതരം അപേക്ഷകൾ, രശീതുകൾ എന്നിവ ലളിതവൽക്കരിക്കുന്നതിന് തീരുമാനം

4521 ശ്രീ. റ്റി. എൻ. പ്രതാപൻ
'' വി. റ്റി. ബൽറാം
'' ഡൊമിനിക് പ്രസന്റേഷൻ
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ വിവിധതരം അപേക്ഷകൾ, രശീതുകൾ എന്നിവ ലളിതവൽക്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതു മുഖേന ജനങ്ങൾക്ക് ലഭിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളിലെ തീരുമാനമെടുക്കുന്നതിനായുള്ള ഫയലുകൾ</u>

4522 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി 1 വരെ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ തീരുമാനം എടുക്കുന്നതിനായി ബാക്കിയുള്ള ഫയലുകൾ/ഹർജികൾ/അപേക്ഷകൾ എത്രയായിരുന്നു; ഇവയുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(ബി) ഇവയിൽ വില്ലേജ് ഓഫീസിനു മുകൾത്തട്ടിലുള്ള ഓഫീസുകളുടെ പരിഗണനയ്ക്കും തീരുമാനത്തിനും മറ്റ് നിലയിലും സമർപ്പിക്കപ്പെട്ട് തിരികെ ലഭിക്കാത്തതിനാൽ പെന്റിംഗിലായ ഫയലുകൾ എത്രയെന്ന് വിശദമാക്കാമോ; ഇവയുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ജില്ലാ കലക്ടറേറ്റുകളിലെ വിവിധ ഓഫീസുകളിൽ തീരുമാനമാകാത്ത ഫയലുകൾ/അപേക്ഷകൾ

4523 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 നവംബർ ഒന്ന്, ഡിസംബർ ഒന്ന്, 2014 ജനുവരി ഒന്ന് എന്നീ തീയതികളിൽ സംസ്ഥാനത്തെ പതിനാല് ജില്ലാ കലക്ട്രേറ്റുകളിലും പ്രവർത്തിക്കുന്ന വിവിധ വിഭാഗം വകുപ്പുകളുമായി ബന്ധപ്പെട്ട സെക്ഷനുകളിലായി തീരുമാനം എടുക്കാൻ ബാക്കി നിൽപ്പുണ്ടായിരുന്ന ഫയലുകൾ/അപേക്ഷകൾ എത്രയെന്നതിന്റെ വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തീയതികൾക്കുള്ളിൽ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ തീരുമാനത്തിനും ക്ലാരിഫിക്കേഷനും, മറ്റു നിലയിലും അയച്ചിരുന്ന എത്ര ഫയലുകളിൽ തീരുമാനം ലഭിക്കാൻ ബാക്കി നിൽപുണ്ടായിരുന്നു; ജില്ലാടിസ്ഥാനത്തിലുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>ടാക്സി മീറ്റർ കാലിബ്രേഷൻ</u>

4524 ശ്രീ. കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷകളിലെ ഫെയർ നിശ്ചയിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുളളത്; വിശദമാക്കുമോ;

(ബി) ഇതിനായി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ടാക്സി മീറ്റർ കാലിബ്രേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>ലീഗൽ മെട്രോളജി വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്</u>

4525 ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസ് സെപ്ഷ്യൽ റൂൾസ് നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിലെ ഫീഡർ കാറ്റഗറിയിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തിക ഉൾപ്പെടുത്തി റൂൾസ് ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) റൂൾസ് ഭേദഗതി ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ലീഗൽ മെട്രോളജി കൺട്രോളർ ഓഫീസ് ജീവനക്കാരിയെ അപമാനിച്ചവർക്കെതിരെ നടപടി

4526 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 04.09.2013 ൽ തിരുവനന്തപുരം ലീഗൽമെട്രോളജി കൺട്രോളർ ഓഫീസിൽ ഒരു കൂട്ടം ആളുകൾ അതിക്രമിച്ചു കയറി വനിതാജീവനക്കാരിയോട് അപമര്യാദയായി പെരുമാറുകയും വികലാംഗജീവനക്കാരനെ കൈയ്യേറ്റം ചെയ്യുകയും ചെയ്ത വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ലീഗൽ മെട്രോളജി കൺട്രോളർ ഓഫീസിൽ വനിതകൾക്കെതിരായി അതിക്രമങ്ങൾ തടയുന്നതിനുള്ള കമ്മിറ്റി നിലവിലുണ്ടോ; പരാതി പ്രസ്തുത കമ്മിറ്റിക്കോ, പോലീസിനോ കൈമാറിയിട്ടുണ്ടോ;

(സി) മേൽ വിഷയത്തിൽ പരാതി നൽകിയ ആളെ സ്ഥലം മാറ്റിയത് ചട്ട പ്രകാരമാണോ; വ്യക്തമാക്കാമോ;

(ഡി) പകരം നിയമിക്കപ്പെട്ട ആൾ കൺട്രോളർ ഓഫീസിലേക്ക് സ്ഥലം മാറ്റത്തിന് അപേക്ഷ നൽകിയിട്ടുണ്ടോ; അവർ വികലാംഗയാണോ;

(ഇ) എന്ത് ഭരണ സൗകര്യത്തിനുവേണ്ടിയാണ് പരാതി നൽകിയ ആളെ ചട്ടങ്ങൾ ലംഘിച്ച് കൺട്രോളർ ഓഫീസിൽ നിന്നും സ്ഥലം മാറ്റുകയും പകരം പത്തനംതിട്ട, കോന്നി സ്വദേശിനിയെ തിരുവനന്തപുരത്തെ കൺട്രോളർ ഓഫീസിലേക്ക് സ്ഥലം മാറ്റുകയും ചെയ്തത്; വിശദമാക്കാമോ;

(എഫ്) ജീവനക്കാർക്ക് നേരെയുള്ള ചട്ടവിരുദ്ധമായ പ്രസ്തുത സ്ഥലംമാറ്റങ്ങൾ റദ്ദു ചെയ്യുമോ;

(ജി) ഓഫീസിൽ അതിക്രമിച്ച് കയറി വനിതാ ജീവനക്കാരിയോട് അപമര്യാദയായി പെരുമാറുകയും വികലാംഗ ജീവനക്കാരനെ കൈയ്യേറ്റം ചെയ്യുകയും ചെയ്ത വിഷയത്തിൽ കുറ്റക്കാർക്കെതിരെ വകുപ്പുതല നടപടിയും പോലീസ് നടപടിയും സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ലീഗൽ മെട്രോളജി കൺട്രോൾ ഓഫീസിൽ വനിതാജീവനക്കാരിക്കെതിരെ നടന്ന അക്രമം

4527 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി കൺട്രോളറുടെ ഓഫീസിലെ വികലാംഗ ജീവനക്കാരനും വനിതാ ജീവനക്കാരിക്കുമെതിരെ കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) കയ്യേറ്റത്തിന് നേതൃത്വം നൽകിയ വകുപ്പിലെ ജീവനക്കാരനെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ജോലിസ്ഥലത്ത് വനിതാ ജീവനക്കാർക്ക് നേരെ നടക്കുന്ന അക്രമം തടയാൻ നിലവിലുള്ള നിയമങ്ങളുടെ നടപടിക്രമങ്ങളുടെ സാരംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിയമപ്രകാരം കൺട്രോളറുടെ ഓഫീസിൽ വനിതാ ജീവനക്കാരിക്കെതിരെ നടന്ന അക്രമത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ഇ) അക്രമത്തിന് ഇരയായ ജീവനക്കാരിയെ വിദൂരസ്ഥലത്തേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിലെ സ്ഥാനക്കയറ്റം</u>

4528 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ഓഫീസ് അസിസ്റ്റന്റ്/വില്ലേജ്മാൻ തസ്തികകളിൽ നിന്നും സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ എൽ.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ഒഴിവുകളുടെ 15% നൽകുന്നതിന് നിലവിൽ സ്പെഷ്യൽ റൂളിൽ വ്യവസ്ഥയുണ്ടോ;

(ബി) പ്രസ്തുത വ്യവസ്ഥയ്ക്ക് വിരുദ്ധമായി 3.01.2014 ൽ ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നിലവിൽ ഉള്ളതായ പ്രൊമോഷൻ സാദ്ധ്യത അനുബന്ധ ജീവനക്കാർക്ക് നിലനിർത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പുതുതായി ആരംഭിച്ച താലൂക്കാഫീസുകളിലെ തസ്തികകൾ</u>

4529 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്രവർത്തനം ആരംഭിച്ച താലൂക്കാഫീസുകളിൽ ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര തസ്തികകളാണ് പുതിയതായി അനുവദിച്ചത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയ നടപടി</u>

4530 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റവന്യു വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന സർവ്വീസ് സംഘടനാ നേതാവും സർവ്വീസിൽ നിന്നും വിരമിക്കാൻ ഒരു വർഷത്തിൽ താഴെ മാത്രം കാലയളവുമുള്ള ഉദ്യോഗസ്ഥനെ തിരുവനന്തപുരം ജില്ലയിൽ നിന്നും വിദൂരസ്ഥലത്തേയ്ക്ക് സ്ഥലം മാറ്റിയതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ച വില്ലേജ് ഓഫീസര്‍മാര്‍</u>

4531 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

2013-14 വര്‍ഷത്തില്‍ ഇതര ജില്ലകളില്‍നിന്ന് കൊല്ലം ജില്ലയിലേയ്ക്ക് പ്രത്യേക ഉത്തരവുപ്രകാരവും അല്ലാതെയും എത്ര വില്ലേജ് ഓഫീസര്‍മാര്‍ക്ക് സ്ഥലം മാറ്റം നല്‍കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ആയതിന്റെ സര്‍ക്കാര്‍ ഉത്തരവുകളുടെ പകര്‍പ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ഡെപ്യൂട്ടി കളക്ടർ പി.എസ്.സി റാങ്ക് ലിസ്റ്റ്

4532 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡെപ്യൂട്ടി കളക്ടർ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ എപ്പോഴാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നും പ്രസ്തുത ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം ഡെപ്യൂട്ടി കളക്ടർമാരുടെ എത്ര ഒഴിവുകൾ വന്നിട്ടുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഒഴിവുകളിൽ എത്ര പേർക്ക് തസ്തികമാറ്റം പ്രകാരം പ്രമോഷൻ നൽകുമെന്നും എത്ര പേർക്ക് നേരിട്ടുള്ള നിയമനം നൽകുമെന്നും അറിയിക്കുമോ;

(ഡി) ആകെയുള്ള ഡെപ്യൂട്ടി കളക്ടർമാരുടെ എണ്ണത്തിന്റെ എത്ര ശതമാനമാണ് നേരിട്ടുള്ള നിയമനത്തിന് പരിഗണിക്കുക എന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിന് തൊട്ടുമുമ്പുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നേരിട്ടുള്ള നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

റീസർവ്വെ-ഭൂരേഖാ വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് -II തസ്തികയിലെ നിയമനം

4533 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വെ-ഭൂരേഖാ വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് -II തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത്; ഇതിൽ എത്ര ഒഴിവുകൾ പി. എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) നിയമന ഉത്തരവ് നൽകിയിട്ടും ഇതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തവർ എത്ര; പ്രസ്തുത ഒഴിവുകൾ എൻ. ജെ. ഡി ആയി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 2014 ഡിസംബർ മാസം വരെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് –II ൽ ഉണ്ടാകാവുന്ന (ആന്റിസിപ്പേറ്ററി വേക്കൻസി) എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളിലെ ഫ്രണ്ട്സ് സംവിധാനം</u>

4534 ശ്രീ.എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട്സ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ഇത് മൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ഒരു പഞ്ചായത്തിൽ ഒരു വില്ലേജ്</u>

4535 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രണ്ട് പഞ്ചായത്ത്/മുൻസിപ്പാലിറ്റികളിലായി സ്ഥിതി ചെയ്യുന്ന വില്ലേജുകളുടെ അതിർത്തി പുന:നിർണ്ണയിച്ച് ഒരു പഞ്ചായത്തിൽ ഒരു വില്ലേജ് എന്ന തത്വം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നാലാമത് സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ വന്നിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>വില്ലേജാഫീസുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ</u>

4536 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജാഫീസുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചത് ഏതു വർഷമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വില്ലേജുകളിലും ചുമതലകൾ വർദ്ധിച്ചുവരികയും ജനസംഖ്യാവർദ്ധനവനുസരിച്ച് കൂടുതൽ ജോലിഭാരം ഏറ്റെടുക്കേണ്ടിവരികയും ചെയ്തിട്ടുള്ള സാഹചര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ആവശ്യത്തിനുള്ള ജീവനക്കാരുടെ കുറവ് കാരണം വില്ലേജോഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾക്ക് കാലതാമസം നേരിടുന്നതും തുടർന്നുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പൊതുജനങ്ങൾക്ക് നിശ്ചിതസമയപരിധിക്കുള്ളിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന്, വർദ്ധിച്ച ജോലിഭാരത്തിനനുസരണമായി സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.10/2011 നമ്പർ കത്തിൻമേലുള്ള നടപടി</u>

4537 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ (റോഡ്സ് സെക്ഷൻ സൗത്ത്) ഓഫീസിൽ നിന്നും 22.12.2011 തീയതിയായി അയച്ച കെ. എസ്. 10/2011 നമ്പർ കത്ത് കോഴിക്കോട് താലൂക്ക് സർവ്വേയർക്ക് എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കത്തിൻമേൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കത്തിന്മേൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

**കയർമേഖലയുടെ ആധുനികവത്ക്കരണവും തൊഴിലാളികളുടെ ജീവിത നിലവാരവും**

4538 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആധുനികവത്ക്കരണം നടപ്പാക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കയർമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കുടിവെള്ളമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

4539 ശ്രീ. എളമരം കരീം
,, എ. എം. ആരിഫ്
,, കെ. ദാസൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ ഗവേഷണത്തിനായി സ്ഥാപിച്ചിട്ടുള്ള കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നതെന്നും ഗവേഷണപ്രവർത്തനങ്ങൾക്കായി കഴിഞ്ഞ വർഷം എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ ;

(ഡി) കഴിഞ്ഞകാലങ്ങളിലെ ഈ സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ യഥാസമയം ആഡിറ്റ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കയർ ഗ്രാമം</u>

4540 ശ്രീ. വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസവുമായി ബന്ധപ്പെടുത്തി കയർ ഗ്രാമം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കയറിന്റെ ആഭ്യന്തര-വിദേശ വിപണി ശക്തിപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

പള്ളിപ്പുറത്ത് കയർ ഗ്രാമം

4541 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറത്ത് കയർ വകുപ്പ് സ്ഥാപിക്കുന്ന കയർ ഗ്രാമത്തിന്റെ അടങ്കൽ തുക എത്രയെന്നു വ്യക്തമാക്കുമോ;

(ബി) ഇവിടെ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന കൺവെൻഷൻ സെന്ററിന് എന്തു ചിലവാണു പ്രതീക്ഷിക്കുന്നത്;

(സി) പള്ളിപ്പുറത്തെ കൺവെൻഷൻ സെന്ററിൽ കയർ വ്യവസായവുമായി ബന്ധപ്പെട്ട് ഒരുവർഷം എത്രദിവസം പരിപാടികൾ സംഘടിപ്പിക്കുമെന്നു വ്യക്തമാക്കുമോ;

(ഡി) എന്തൊക്കെ പരിപാടികൾ, ഏതൊക്കെ തീയതികളിലായാണു നടത്താനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>അന്തർദേശീയ കയർമേള</u>

4542 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ അന്തർദേശീയ കയർമേള എന്നാണ് ആരംഭിക്കുന്നത്; എവിടെയാണ് മേള നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കയർമേളയുടെ വേദി ആലപ്പുഴ നഗരത്തിൽ നിന്നും മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വേദി മാറ്റുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) കയർമേളയ്ക്ക് സ്ഥിരം പവലിയൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥാപിക്കുക; ഇതിന് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കയർ സഹകരണ മേഖലയിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ</u>

4543 ശ്രീ. സി. പി. മുഹമ്മദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കയർ സഹകരണ മേഖലയിലെ ജീവനക്കാരുടെ സേവന വ്യവസ്ഥയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇവരുടെ പ്രതിമാസ വേതന വർദ്ധനവ് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) വേതന വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കയർ തൊഴിലാളികൾക്ക് കയർ ഇൻകം സപ്പോർട്ട് സ്കീം</u>

4544 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികൾക്ക് കൂലി ഉറപ്പാക്കുന്നതിന് നടപ്പിലാക്കിയ കയർ ഇൻകം സപ്പോർട്ട് സ്കീം പ്രകാരം എത്ര തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ; സഹകരണ മേഖലയിലെ തൊഴിലാളികൾക്ക് മാത്രമാണോ ഇതിന്റെ പ്രയോജനം നൽകിയത്; സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് ഈ സ്കീമിന്റെ പ്രയോജനം ലഭിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) കയർ ഉല്പന്ന നിർമ്മാണ മേഖലയിലും പ്രസ്തുത സ്കീം നടപ്പിലാക്കി പരമ്പരാഗത കയർ ഉല്പന്ന നിർമ്മാണ മേഖലയിലെ കൂലി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>ചകിരി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി</u>

4545 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചകിരിക്കുണ്ടായിരിക്കുന്ന വർദ്ധിച്ച വിലക്കയറ്റം കേരളത്തിലെ കയർ വ്യവസായത്തെ വലിയ രീതിയിൽ പ്രതികൂലമായി ബാധിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്നു അറിയിക്കുമോ;

(ബി) സംസ്ഥാന സർക്കാരും കയർ വകുപ്പും കയർ വ്യവസായ സംരക്ഷണത്തിന് സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; സബ്സിഡികൾ ഏത് ഏജൻസികൾ വഴിയാണ് നൽകുന്നത് എന്നു അറിയിക്കുമോ; സബ്സിഡിക്കുള്ള മാനദണ്ഡം എന്താണ്;

(സി) കേരളത്തിലെ ചകിരി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും നാളീകേരകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

**കേരള നിയമസഭ**
**04.02.2014-ലെ മറുപടിക്ക്**

<u>കയർ വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിദേശയാത്ര</u>

4546 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കയർ വകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥരാണ് ഔദ്യോഗിക വിദേശയാത്ര നടത്തിയിട്ടുളളത് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇവർ സഞ്ചരിച്ച രാജ്യങ്ങൾ ഏതെല്ലാമായിരുന്നു; ആവർത്തിച്ചുള്ള സന്ദർശനം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; ഈ യാത്രകളുടെ ഫലമായി കയർമേഖലയ്ക്ക് എന്ത് നേട്ടമാണുണ്ടായത് എന്ന് വ്യക്തമാക്കാമോ;

(ഡി) വിദേശയാത്രകൾക്ക് ഏത് ഫണ്ടിൽ നിന്നാണ് പണം ചെലവഴിച്ചത്; ഉദ്യോഗസ്ഥരുടെ യാത്രയ്ക്ക് ആകെ എന്ത് തുക ചിലവായി എന്ന് വെളിപ്പെടുത്താമോ?